I/6171453/2024

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, കേരളം.

നം.ഇഎൽ.7/1/2024/ഇലക്ഷൻ. തിരുവനന്തപുരം,

തീയതി: 24-04-2024.

## <u>സർക്കുലർ</u>

വിഷയം:- ലോക് സഭാ തിരഞ്ഞെടുപ്പ് 2024 - പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യം നീക്കം ചെയ്യൽ/സംസ്കരണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 22/03/2024-ലെ ഇതേ നമ്പർ സർക്കുലർ.

2024 ഏപ്രിൽ 26-ന് നടക്കുന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യം നീക്കം ചെയ്യൽ/സംസ്കരണം എന്നിവ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1) പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിനുള്ള സംവിധാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരുക്കേണ്ടതും, ആയത് പോളിംഗ് സ്റ്റേഷനുകൾ/ ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ/ വോട്ടണ്ണൽ കേന്ദ്രങ്ങൾ

സജ്ജീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

2)ഇത്തരത്തിൽ സംഭരിച്ച മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ/ഹരിതകർമ്മസേന/ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടെന്ന് പോളിംഗ് സ്റ്റേഷനുകൾ/ ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ/ വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

3)പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിനനുസരിച്ച് ഉദ്യോഗസ്ഥൻ/ ഹരിതകർമ്മസേന/ഏജൻസി എന്നിവരെ ചുമതലപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയതിന്റെ പകർപ്പ് പോളിംഗ് സ്റ്റേഷനുകൾ/ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കേണ്ടതുമാണ്.

4)പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ്./ആർ.ആർ.എഫ്.-ൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാൻ മുൻകൂട്ടി തയ്യാറാക്കി വാഹന സൌകര്യം ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഏർപ്പെടുത്തേണ്ടതാണ്.

5)പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ യഥാസമയം എം.സി.എഫ്./ആർ.ആർ.എഫ്.-ൽ നീക്കം ചെയ്തിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ, ബന്ധപ്പെട്ട വരണാധികാരി, ഉപവരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവർക്ക്

ലഭ്യമാക്കേണ്ടതാണ്.

6) മേൽ പ്രതിപാദിച്ച നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കുന്നുണ്ടെന്ന് മോണിറ്റർ ചെയ്യുന്നതിന് തിരഞ്ഞെടുപ്പ് സംബന്ധമായ ജോലികൾക്ക് നിയോഗിക്കപ്പെടാത്ത സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥനെ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ നിയോഗിക്കേണ്ടതാണ്.

7) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാലിന്യ നീക്കത്തിന് നിയോഗിക്കപ്പെടുന്ന താത്കാലിക ജീവനക്കാർ/ഹരിതകർമ്മ സേന എന്നിവർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ദിവസ വേതനം നൽകാവുന്നതാണ്.

8) വിവിധ തിരഞ്ഞെടുപ്പ് സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന ബോർഡുകൾ, കൊടി തോരണങ്ങൾ, ബാനറുകൾ പോസ്റ്ററുകൾ തുടങ്ങിയവ ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അറിയിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടി സൂചന പ്രകാരം സ്വീകരിക്കേണ്ടതാണ്.

9) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാലിന്യം നീക്കം ചെയ്യൽ, സംസ്കരണം എന്നിവയ്ക്കുള്ള ചെലവ് തിരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ ഉൾപ്പെടുത്തി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ നിർവ്വഹിക്കേണ്ടതാണ്.

SHARMILA C
ADDITIONAL SECRETARY & ADDITIONAL CHIEF ELECTORAL OFFICER

ഉത്തരവിൻ പ്രകാരം,

Signed by
Shivlal R V
Date: 24-04-2024 12:09:00

സെക്ഷൻ ഓഫീസർ.

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും/എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും/എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും/എല്ലാ

രാഷ്ട്രീയ പാർട്ടികൾക്കും.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

കോ-ഓർഡിനേറ്റർ, നവകേരള മിഷൻ കർമ്മ പദ്ധതി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & മീഡിയ) തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

കരുതൽ ഫയൽ(ഇഎൽ.7/1/2024/ഇലക്ഷൻ)